# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3676 — 17.10.2011 - ൽ മറുപടിക്ക്

### ജല അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി..എൻ.പ്രതാപൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ ജോസഫ് വാഴക്കൻ<br>ശ്രീ സണ്ണി ജോസഫ് | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള ജല അതോറിറ്റി യുടെ പ്രവർത്തനം ഊർജ്ജിത പ്പെടുത്തുന്നതിനും പദ്ധതികൾ പൂർത്തിയാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഈ സർക്കാർ. അധികാരമേറ്റശേഷം 100 ദിവ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 21 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. ഇവയിൽ 9 പദ്ധതികൾ പൂർണ്ണമായും 3 പദ്ധതികൾ ഭാഗികമായും നടപ്പിലാക്കിയിട്ടുണ്ട്. ബാക്കി പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ജല ശുദ്ധീകരണശാല പൂർത്തി- യാക്കുന്നതിന് നടപടി സ്വീകരി- ച്ചിട്ടുണ്ടോ; | (ബി) | കാലപ്പഴക്കം മൂലം പ്രവർത്തനശേഷി കുറഞ്ഞ 43 ജലശുദ്ധീകരണശാലകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കഴിഞ്ഞസർക്കാർ നടപ്പിലാ- ക്കിയ മാന്ദ്യവിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതിൽ ഇതിനകം 18 ശുദ്ധീകരണശാലകളുടെ പുനരുദ്ധാരണ പ്രവർ- ത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി ശുദ്ധീകരണശാലകളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (സി) | വരൾച്ചബാധിത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതി- നുള്ള പദ്ധതികൾ എന്തെല്ലാമാ- ണെന്നു വിശദമാക്കുമോ ? | (സി) | വരൾച്ച ബാധിത പ്രദേശങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് താഴെപറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>2. കേടായപമ്പുസെറ്റുകളുടെ അറ്റകുറ്റപണികൾ, പമ്പിംഗ് സമയം ദീർഘിപ്പിക്കൽ<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ പൈപ്പുലൈനുകൾ നീട്ടുക<br>6. തകരാറിലായ പൈപ്പ് ലൈനുകൾ മാറ്റുക.<br>7. വൈദ്യുതി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തിയാക്കുക.<br>8. കുഴൽകിണറുകൾ കുഴിയ്ക്കുക<br>9. ഫിൽറ്റർ മീഡിയ മാറ്റുക, മുതലായവ |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.